# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 588

10.06.2014-ൽ
മറുപടിയ്ക്ക്

## അങ്കമാലി വ്യവസായ പാർക്ക്

| ചോദ്യം<br>ശ്രീ. ജോസ് തെറ്റയിൽ | മറുപടി<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) അങ്കമാലിയിൽ സ്ഥാപിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കിൻഫ്രാ വ്യവസായ പാർക്കിനായി ഭൂമി ഏറ്റെടുക്കുന്നതിനെതിരെ 2008 ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളെ ബന്ധപ്പെടുത്തി ലാൻഡ് അക്വിസിഷൻ നടപടി ചോദ്യം ചെയ്തുകൊണ്ട് ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) 33795/2010 കേസിലെ സ്റ്റേ ഉത്തരവ് ഒഴിവാക്കി കിട്ടുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ;<br><br>(ബി) സ്റ്റേ ഉത്തരവ് ഒഴിവാക്കി കിട്ടുന്നതിനായി നടപടികൾ സ്വീകരിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ? | (എ)+ (ബി)<br><br>1986 ലെ കേന്ദ്ര പരിസ്ഥിതി സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളെയും 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളെയും ബന്ധപ്പെടുത്തിയാണ് ലാൻഡ് അക്വിസിഷൻ നടപടികളെ ചോദ്യം ചെയ്തിട്ടുള്ളത്. ഹൈക്കോടതിയുടെ സിംഗിൾ ബഞ്ചിലും ഡിവിഷൻ ബഞ്ചിലും നിലവിലുള്ള ഇതുമായി ബന്ധപ്പെട്ട പൊതുതാൽപ്പര്യ ഹർജികൾ ഉൾപ്പെടെയുള്ള കേസുകളുമായി ചേർത്ത് ഒരു പൊതുതീരുമാനത്തിനായി മാറ്റിവച്ചിരിക്കുകയാണ്. ഇതുവരെ ഈ കേസ് വാദം കേൾക്കുന്നതിന് പോസ്റ്റ് ചെയ്തിട്ടില്ല.പ്രസ്തുത കേസ്സിൽ കിൻഫ്രയുടെ എതിർ സത്യവാങ്മൂലം ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.കേസ്സ് എത്രയുംവേഗം തീർപ്പാക്കണമെന്ന്ബഹു.ഹൈക്കോടതിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ